"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1235/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/06/2020

---

പരാമർശം:- 1 സ.ഉ.(അച്ചടി) നം.37/2020/തസ്വഭവ തീയതി 22.05.2020.

2 സ.ഉ.(അച്ചടി) നം.39/2020/തസ്വഭവ തീയതി 22.05.2020.

3 പഞ്ചായത്ത് ഡയറക്ടറുടെ 15.06.2020-ലെ PAN/6793/2020-E11(DP) നമ്പർ കത്ത്

<u>ഉത്തരവ്</u>

**പഞ്ചായത്ത് വകുപ്പിൽ 45800-89000 രൂപ ശമ്പള സ്കെയിലിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ താഴെ പറയുന്ന സ്ഥലംമാറ്റം/സ്ഥാനക്കയറ്റം നൽകി ഉടനടി പ്രാബല്യം നൽകി ഉത്തരവാകുന്നു.**

1. പാലക്കാട് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. രാമൻകുട്ടി എം.ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം നൽകിയത് മൂലമുണ്ടായ ഒഴിവിൽ, കാസർഗോഡ് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. റെജികുമാർ കെ.കെ.യ്ക്ക് സ്ഥലംമാറ്റം നൽകി നിയമനം നൽകുന്നു.

2. പത്തനംതിട്ട ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. സൈമ എസ്. ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം നൽകിയത് മൂലമുണ്ടായ ഒഴിവിൽ, പാലക്കാട് ഗ്രാമലക്ഷ്മി മുദ്രാലയത്തിലെ ജനറൽ മാനേജറായ ശ്രീ. ഷാജി ബോൺസ്ലേയ്ക്ക് സ്ഥലംമാറ്റം നൽകി നിയമനം നൽകുന്നു.

3. സീനിയർ മോസ്റ്റ് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായ കണ്ണൂർ ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജെയ്സൺ മാത്യുവിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി, ഖണ്ഡിക 1 പ്രകാരം ശ്രീ. റെജികുമാർ കെ.കെ.യ്ക്ക് സ്ഥലംമാറ്റം നൽകുന്നത് മൂലമുണ്ടാകുന്ന ഒഴിവിൽ, കാസർഗോഡ് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി നിയമനം നൽകുന്നു.

4. വയനാട് ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. ബെന്നി ജോസഫിന്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി, ഖണ്ഡിക 2 പ്രകാരം ശ്രീ. ഷാജി ബോൺസ്ലേക്ക് സ്ഥലംമാറ്റം നൽകുന്നത് മൂലമുണ്ടാകുന്ന ഒഴിവിൽ, പാലക്കാട് ഗ്രാമലക്ഷ്മി മുദ്രാലയത്തിലെ ജനറൽ മാനേജറായി നിയമനം നൽകുന്നു.

5. കോട്ടയം ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. ജയരാജൻ പി.യ്ക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി, ശ്രീമതി. ടിമ്പിൾ മാഗി പി.എസ്.ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം നൽകിയതുമൂലമുണ്ടായ ഒഴിവിൽ, വയനാട് ജില്ലയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി നിയമനം നൽകുന്നു.

6. പത്തനംതിട്ട ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. ഷാജി ജോസഫ് ചെറുകരകുന്നേലിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി, ശ്രീ. പ്രകാശ് പി.ജി.യ്ക്ക് പഞ്ചായത്ത് ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം നൽകിയതുമൂലമുണ്ടായ ഒഴിവിൽ, കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി നിയമനം നൽകുന്നു.

7. ആലപ്പുഴ ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. എസ്. ശ്രീകുമാറിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി, ആലപ്പുഴ ജില്ലയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നു.

**പഞ്ചായത്ത് വകുപ്പിൽ 42500-87000 രൂപ ശമ്പള സ്കെയിലിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ താഴെ പറയുന്ന സ്ഥലംമാറ്റം/സ്ഥാനക്കയറ്റം നൽകി ഉടനടി പ്രാബല്യം നൽകി ഉത്തരവാകുന്നു.**

8. ആലപ്പുഴ ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. എസ്. ശ്രീകുമാറിന് ഖണ്ഡിക 7 പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകുന്നത് മൂലമുണ്ടാകുന്ന ഒഴിവിൽ, കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. സിദ്ധീഖ് കെ.യ്ക്ക് സ്ഥലംമാറ്റം നൽകി നിയമനം നൽകുന്നു.

9. വയനാട് ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ബെന്നി ജോസഫിന് ഖണ്ഡിക 4 പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകുന്നത് മൂലമുണ്ടാകുന്ന ഒഴിവിൽ, കൊല്ലം ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. ബൈജു ജോസിന് സ്ഥലംമാറ്റം നൽകി നിയമനം നൽകുന്നു.

10. കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സിദ്ധിഖ് കെ.യ്ക്ക് ഖണ്ഡിക 8 പ്രകാരം സ്ഥലംമാറ്റം നൽകുന്നത് മൂലമുണ്ടാകുന്ന ഒഴിവിൽ, തൃശ്ശൂർ ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. പി.ടി. പ്രസാദിന് സ്ഥലംമാറ്റം നൽകി നിയമനം നൽകുന്നു.

11. കണ്ണൂർ ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. ജെയ്സൺ മാത്യുവിന് ഖണ്ഡിക 3 പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകുന്നത് മൂലമുണ്ടാകുന്ന ഒഴിവിൽ, പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ കെ.പി.ഇ.പി.എഫ്.ലെ അക്കൗണ്ട്സ് ഓഫീസർ ശ്രീ. വിനോദ് കുമാർ കെ.യ്ക്ക് സ്ഥലം മാറ്റം നൽകി നിയമനം നൽകുന്നു.

12. പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ കെ.പി.ഇ.പി.എഫ്.ലെ അക്കൗണ്ട്സ് ഓഫീസർ ശ്രീ. വിനോദ് കുമാർ കെ.യ്ക്ക് ഖണ്ഡിക 11 പ്രകാരം സ്ഥലംമാറ്റം നൽകുന്നത് മൂലമുണ്ടാകുന്ന ഒഴിവിൽ പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയ ശ്രീ. സുമേഷ് കെ.ആർ. ന് സ്ഥലംമാറ്റം നൽകുന്നു.

13. പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. രാജേഷ് കുമാർ പി.യ്ക്ക് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഖണ്ഡിക 6 പ്രകാരം ശ്രീ. ഷാജി ജോസഫ് ചെറുകരകുന്നേലിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകുന്നത് മൂലമുണ്ടായ ഒഴിവിൽ, പത്തനംതിട്ട ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായി നിയമനം നൽകുന്നു.

14. തിരുവനന്തപുരം പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 4-ലെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ശ്രീ. പ്രശാന്ത്കുമാർ കെ.യ്ക്ക് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി, ഖണ്ഡിക 9 പ്രകാരം ശ്രീ. ബൈജു ജോസിന് സ്ഥലംമാറ്റം നൽകുന്നത് മൂലമുണ്ടായ ഒഴിവിൽ, കൊല്ലം ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായി നിയമനം നൽകുന്നു.

15. തൃശ്ശൂർ ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 3-ലെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ശ്രീ. ടി.എ. പ്രേമരാജന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി, ഖണ്ഡിക 5 പ്രകാരം ശ്രീ. ജയരാജൻ പി.യ്ക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകുന്നത് മൂലമുണ്ടായ ഒഴിവിൽ, കോട്ടയം ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായി നിയമനം നൽകുന്നു.

16. പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ പബ്ലിസിറ്റി ഓഫീസർ ശ്രീ. ജി. ഹരികൃഷ്ണന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി, ഖണ്ഡിക 12 പ്രകാരം ശ്രീ. സുമേഷ് കെ.ആർ.ന് സ്ഥലംമാറ്റം നൽകുന്നത് മൂലമുണ്ടായ ഒഴിവിൽ, പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയി നിയമനം നൽകുന്നു.

17. കണ്ണൂർ ജില്ലയിലെ ചപ്പരപടവ് ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ശ്രീ. ഹരിദാസ് കെ.വി.യ്ക്ക് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി, ഖണ്ഡിക 10 പ്രകാരം ശ്രീ. പി.ടി. പ്രസാദിന് സ്ഥലംമാറ്റം നൽകുന്നത് മൂലമുണ്ടായ ഒഴിവിൽ തൃശ്ശൂർ ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായി നിയമനം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SUDHEER S S
Date: 2020.06.[illegible] 14:32:00 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്